നം.കെ.എസ്.എ-കെ.ടി.എം.പി7/606/2016 തീയതി: 23.05.2016

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.വർഗ്ഗീസ്ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	18.04.2016 മുതൽ 30.04.2016 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി മായ ആർ.	ഓഡിറ്റ്ഓഫീസർ
	ശ്രീ.സജിമോൻ വി.ജി. ശ്രീ.രാജേഷ് എം.	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ
	ശ്രീമതി സുനിത എം.എസ്. ശ്രീ.ജോർജ്ജുകുട്ടി ജോസഫ്	സീനിയർ ഗ്രേഡ് ഓഡിറ്റർ ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.ബിജോയ് തോമസ് ശ്രീ.പ്രസാദ്, കൊണ്ടു പറമ്പിൽ	1.4.13 മുതൽ 05.11.13 വരെ 6.11.2013 മുതൽ 31.3.15 വരെ
സെക്രട്ടറി	ശ്രീ.പി.റ്റി.ഉസ്മാൻ	1.4.13 മുതൽ 10.6.14 വരെ
	ശ്രീ.ബാബു കെ.പി. (സെക്രട്ടറി ഇൻ ചാർജ്ജ്)	11.6.14 മുതൽ 8.7.14 വരെ
	ശ്രീ.കെ.എസ്.ശ്യാം കുമാർ	9.7.14 മുതൽ 5.2.15 വരെ

	ശ്രീ.ബാബു കെ.പി. (സെക്രട്ടറി ഇൻ ചാർജ്ജ്)	6.2.15 മുതൽ 31.3.15 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	ഡോ.ജോസ് ലി ഡാനിയൽ	1.4.13 മുതൽ 31.3.15 വരെ
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	ഡോ.തുളസീ ഭായ്	1.4.13 മുതൽ 31.3.15 വരെ
മെഡിക്കൽ ഓഫീസർ ഹോമിയോ	ഡോ.റഹ്മത്ത് ബീഗം	1.4.13 മുതൽ 31.3.15 വരെ
വെറ്ററിനറി സർജൻ	ഡോ.സുധീർ.പി.എസ്.	1.4.13 മുതൽ 31.3.15 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ.നടരാജ സുന്ദരം വി.എൻ.	1.4.13 മുതൽ 31.3.15 വരെ
കൃഷി ഓഫീസർ	ശ്രീ.എബ്രഹാം സെബാസ്റ്റ്യൻ	1.4.13 മുതൽ 31.3.15 വരെ
വി.ഇ.ഒ.	ശ്രീ.സന്തോഷ് ആന്റണി	1.4.13 മുതൽ 31.3.15 വരെ
വി.ഇ.ഒ.	ശ്രീ.വിപിൻ കുമാർ	1.4.13 മുതൽ 31.3.15 വരെ
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ശ്രീമതി കൊച്ചു റാണി ജോസഫ്	1.4.13 മുതൽ 31.3.15 വരെ
എച്ച്.എം.	ശ്രീമതി എം.സി.വൽസമ്മ	1.4.13 മുതൽ 31.3.15 വരെ

ഉള്ളടക്കം

ഖണ്ഡിക നമ്പർ	വിഷയം
ഭാഗം 1 പൊതു അവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തനത് വരുമാനം
1-8	തനതുഫണ്ട് ചെലവുകൾ
1-9	ക്ഷേമ പദ്ധതികൾ
1-10	ക്യാഷ് വെരിഫിക്കേഷൻ
1-11	ആഭ്യന്തരനിയന്ത്രണം
1-12	മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം

ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച ചെക്ക് ദീർഘകാലമായി പണമാക്കിയിട്ടില്ല
2-2	ചെക്കുകൾക്കും ഡ്രാഫ്റ്റുകൾക്കും കളക്ഷൻ ചാർജ് ഈടാക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം
2-3	ഫ്രണ്ട് ഓഫീസ്
2-4	വസ്തുനികുതി
2-5	തൊഴിൽനികുതി അടവാക്കിയിട്ടില്ല
2-6	തൊഴിൽനികുതി – ജീവനക്കാരനെ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി
2-7	ഡി&ഒ ലൈസൻസ് – സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
2-8	ഡി&ഒ ലൈസൻസ് – ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു
2-9	ഭരണസമിതി തീരുമാനങ്ങൾ പൂർണ്ണമായി നടപ്പാക്കിയില്ല
2-10	പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു
2-11	കൃഷി ഓഫീസർ തിരികെ അടച്ച തുക യഥാവിധി ക്രമീകരിച്ചില്ല
ഭാഗം 3 ചെലവുകണക്കുകളിന്മേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	യു.ഐ.ഡി. ഇൻസെന്റീവ് വിതരണം പൂർണ്ണമായിട്ടില്ല
3-2	ശുചിത്വമിഷനിൽ നിന്ന് ലഭിച്ച തുക ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല
3-3	ജലനിധി – പദ്ധതി പൂർത്തീകരണഘട്ടത്തിലേക്ക്
3-4	വനിതകളുടെ ഉത്പന്ന വിപണന കേന്ദ്രം വൈദ്യുതീകരണം – പൂർത്തീകരിച്ചിട്ടില്ല
3-5	സ്ട്രീറ്റ്ലൈറ്റിന് സൂപ്പർവിഷൻ ചാർജ്ജ് – ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല
3-6	ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് മൂലം പഞ്ചായത്തിന് 5403 രൂപ നഷ്ടം
3-7	ഒരേ പ്രവൃത്തി രണ്ട് തവണ രേഖപ്പെടുത്തി തുക നൽകി പഞ്ചായത്തിന് 4548 രൂപ അധികച്ചെലവ്
3-8-1	എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് മൂലം – പഞ്ചായത്ത് ഫണ്ടിന് അനാവശ്യചെലവ്
3-8-2	
3-9	പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി
3-10	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
4-4	വായ്പ/വായ്പ തിരിച്ചടവ്

4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ഓഡിറ്റ് പ്രത്യവലോകനം
4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
അനുബന്ധം 1	ഒാഡിറ്റ് സാക്ഷ്യപത്രം 2013-14
അനുബന്ധം 2	ഒാഡിറ്റ് സാക്ഷ്യപത്രം 2014-15
അനുബന്ധം 3	ബാലൻസ് ഷീറ്റ് 2013-14
അനുബന്ധം 4	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2013-14
അനുബന്ധം 5	റസീപ്റ്റ് ആന്റ് പെയ്മെന്റ് 2013-14
അനുബന്ധം 6	ബാലൻസ് ഷീറ്റ് 2014-15
അനുബന്ധം 7	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2014-15
അനുബന്ധം 8	റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27.03.13 തിയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. 2014-15 വർഷത്തെ ബജറ്റ് 24.2.14 തീയതിയിലെ 1ാം നംപർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.2.15 തിയതിയിലെ 3-ാം നംപർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു.

	2013-14	2014-15
മുന്നിരിപ്പ്	4124225	1616004
വരവ്	52867150	85495184
ആകെ	56991375	87111188
ചെലവ്	53666946	84879655
നീക്കിയിരിപ്പ്	3324435	2231533

1-2 വാർഷിക ധനകാര്യപത്രിക

	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2013-14	31.07.2014	31.07.2014	ഇല്ല	-
2014-15	31.07.2015	31.07.2015	ഇല്ല	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2013-14	20.08.2014	എൽ.എഫ്.കെ.പി.14/ ജി.പി.36/2014/31.12.2014
2014-15	20.10.2015	എൽ.എഫ്.കെ.പി.14/ ജി.പി.36/2014 /31.12.2015

ഓഡിറ്റ് വർഷങ്ങളിലെ ധനകാര്യപത്രികകൾ നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത കണക്കുകൾ പ്രാഥമികമായി പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രങ്ങളാണ് പുറപ്പെടുവിച്ചത്. 2013-14 ധനകാര്യ പത്രികയുടെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ 2014-15-ൽ പരിഹരിച്ചിരുന്നു. ശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നവയാണ്.

1.ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമായിട്ടില്ല.

2. വസ്തു നികുതി പരിഷ്ക്കരണം തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. 2014-15 വർഷം നികുതി പരിഷ്ക്കരിച്ച് പുതുക്കിയ ഡിമാന്റ് തയ്യാറാക്കിയിട്ടുണ്ട് എങ്കിലും അവയുടെ കൃത്യത സംശയകരമാണ്. കുടിശ്ശിക -തന്നാണ്ട് ഡിമാന്റു രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ ഡി.സി.ബി നിർണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതിവിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്നതിന്റെ മുന്നോടിയായുള്ള ഡേറ്റാ എൻട്രി ഇപ്പോഴും പുരോഗമിക്കുന്നതേയുള്ളു.

3. വർഷങ്ങളായി ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ (എസ്.ബി.റ്റി.പൂവരണി, എസ്.എസ്.എ.& എസ്.ബി.റ്റി., പൂവരണി, ഒ.എ.പി) ക്ലോസ് ചെയ്തിട്ടില്ല (2012-13 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.2). ടി അക്കൗണ്ടുകൾ നിലനിർത്തുന്നതിന് ബാങ്ക് കീപ്പിംഗ് ചാർജ് ഈടാക്കുന്നതിനാൽ ക്ലോസ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ പരിഹരിച്ച് കണക്കുകൾ കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-4 സാമ്പത്തിക വിശകലനം

	13-14	14-15
മുന്നിരിപ്പ്	2330600.53	8454151.53
വരവ്	50198248	55574077
ആകെ	52528848.53	64028228.53
ചെലവ്	44074697	50438507
നീക്കിയിരിപ്പ്	8454151.53	13589721.53

1-5 ഫണ്ട് വിനിയോഗം

2013-14

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	5493000	5493000	5366434	126566	97.7

വികസനഫണ്ട് എസ്.സി.പി.	0	1342000	1342000	1339000	3000	99.78
വികസനഫണ്ട് ടി.എസ്.പി.	0	56000	56000	26798	29202	47.85
സംരക്ഷണഗ്രാന്റ് റോഡ്	14884	5710000	5724884	5724884	0	100
സംരക്ഷണഗ്രാന്റ് നോൺറോഡ്	41442	1864000	1905442	1905442	0	100
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1048*	2902000	2903048	2845622	57426	98.02
പെർഫോമൻസ് ഗ്രാന്റ്	474960	1575000	2049960	459517	1590443	22.41
എം.എൻ.ആർ.ഇ.ജി.എസ്.	74558	3255000.00+ 8931.00	3338489.00	3315474.00	23015.00	
ബി ഫണ്ട്	0	5217890	5217890	5217890	0	
സംയോജിത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം	00	50000	50000	50000	00	100

* 942/-രൂപ പലിശയുൾപ്പടെയാണ് മുന്നിരിപ്പ് (106 + 942 = 1048) നിർണയിച്ചിരിക്കുന്നത്.

പൊതു ആവശ്യ ഗ്രാന്റ് : 4024,000/-രൂപ. ഇതോടൊപ്പം വിടവു നികത്തൽ ഫണ്ടായി ധനകാര്യ വകുപ്പിന്റെ 3.3.2014-ലെ ജി.ഒ (ആർടി)നം.1632/14പ്രകാരം 144267/-രൂപ കൂടി തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

<u>ഫണ്ട് വിനിയോഗം (2014-15)</u>

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	126566	6918000	7044566	6173569	870997	87.60
വികസനഫണ്ട് എസ്.സി.പി.	3000	1519000	1522000	363500	1158500	23.88
വികസനഫണ്ട് ടി.എസ്.പി.	29202	64000	93202	0	93202	0
സംരക്ഷണഗ്രാന്റ് റോഡ്	0	6687611**	6687611	6590603	97008	98.54
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	2188478**	2188478	2168218	20260	99.07
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	57426	4884955	4942381	3007227	1935154	60.84
പെർഫോമൻസ് ഗ്രാന്റ്	1590443	1900000	3490443	1186114	2304329	33.98
എം.എൻ.ആർ.ഇ.ജി.എസ്.	23015.00	8167674.00+ 2152.00	8192841.00	8078852.00	113989.00	89.44
ബി ഫണ്ട്	0	7388757	7388757	7388757	0	99.81

പൊതു ആവശ്യ ഗ്രാന്റ് : 4734,000/-രൂപ. ഇതോടൊപ്പം വിടവു നികത്തൽ ഫണ്ടായി തൻവർഷവും ധനകാര്യ വകുപ്പിന്റെ 11.12.2014-ലെ ജി.ഒ (ആർടി)നം.9330/14 പ്രകാരം 153829/-രൂപ ഗ്രാമപഞ്ചായത്തിന്

ലഭിച്ചു.

**ആസ്തി പരിപാലന ഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്ന് 8478/-രൂപയും റോഡ് വിഭാഗത്തിൽ നിന്ന് 9611/- രൂപയും മുൻ വർഷം ദേശീയ തൊഴിലുറപ്പു പദ്ധതിക്കു കൂലിച്ചെലവിനത്തിൽ മുൻകൂറായി നൽകിയത് തൻവർഷത്തെ അലോട്ട്മെന്റിനൊപ്പം ക്രമീകരിച്ചത് ഉൾപ്പടെയാണ് വരവു കണക്കാക്കിയിരിക്കുന്നത്. യഥാർത്ഥ അലോട്ട്മെന്റ് യഥാക്രമം 2180000/-രൂപയും 6678000/-രൂപയുമാണ്.

1-6 പദ്ധതി അവലോകനം

2013-14

ഗ്രാമപഞ്ചായത്തിന്റെ 2013-14 വാർഷികപദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

രൂപീകരണ ഘട്ടം	തീയതി
വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ	2.7.12, 18.02.2013, 8.4.13
പദ്ധതി ആസൂത്രണ ഗ്രാമസഭകൾ	15.12.12
വികസന സെമിനാർ	21.12.12
ഭരണ/ സാമ്പത്തികാനുമതി നമ്പർ	ഭരണസമിതിയുടെ 17.03.2014-ലെ 2(1) നമ്പർ തീരുമാനം (അന്തിമ പദ്ധതി)
ജില്ലാ ആസൂത്രണസമിതി അംഗീകാരം	812/13/ഡിപിസി/ഡിപിഒ/കെടിഎം/ തീയതി 17.05.2014 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി)
ഗുണഭോക്തൃലിസ്റ്റ് അംഗീകാരം	ഭരണസമിതിയുടെ 31.10.2013-ലെ 3-ാം നമ്പർ തീരുമാനം
ടെൻഡർ ക്ഷണിക്കൽ	ഭരണസമിതിയുടെ 02.09.2013-ലെ I(1)-ാം നമ്പർ തീരുമാനം
ടെൻഡർ അംഗീകാരം	ഭരണസമിതിയുടെ 12.9.2013-ലെ 4-ാം നമ്പർ തീരുമാനം
പർച്ചേസ് കമ്മിറ്റി യോഗങ്ങൾ	11.10.2012, 7.2.2014, 22.2.2014

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വാർഷിക പദ്ധതി അടങ്കൽ	21544884
ആകെ ചെലവ്	17776773
ചെലവ് ശതമാനം	82.5

ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം				നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം		
വിഭാഗം	പുതിയവ	സ്പിൽ ഓവർ	ആകെ	പുതിയവ	സ്പിൽ ഓവർ	ആകെ
പൊതു വിഭാഗം	70	05	75	66	01	67
എസ്.സി.പി	05	02	07	05	01	06
ടി.എസ്.പി	02	00	02	02	00	02
ആകെ	77	07	84	73	02	75

പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം : 89.3
വാർഷികപദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വരവുചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട് സ്രോതസ്സ്	വകയിരുത്തിയതുക	ചെലവഴിച്ച തുക
വികസനഫണ്ട്	6648375	6489607
ആസ്തിപരിപാലനഗ്രാന്റ്-റോഡിതരം	1905442	1905442
ആസ്തിപരിപാലന ഗ്രാന്റ്- റോഡ്	5724884	5724884
13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്	2903048	2845622
ലോകബാങ്ക് ധനസഹായം	2049960	459517
കേന്ദ്രാവിഷ്കൃത പരിപാടി	563250	300000
സംസ്ഥാനാവിഷ്കൃത പരിപാടി	430000	0
തനതുഫണ്ട്	191840	1701
ജില്ലാ പഞ്ചായത്ത് വിഹിതം	0	0
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	50000	50000
മറ്റിനങ്ങൾ	1078085	0
ആകെ	21544884	17776773
ആകെ ചെലവ് ശതമാനം		82.50

ബി) 2014-15

ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷികപദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

രൂപീകരണഘട്ടം	തീയതി
വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ	16.12.2013, 8.4.13, 18.10.14
പദ്ധതി ആസൂത്രണ ഗ്രാമസഭകൾ	20.12.2013, 21.12.2013, 22.12.13,
ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യേക ഗ്രാമസഭ	6.1.2014
വികസനസെമിനാർ	17.01.2014
ഭരണ/ സാമ്പത്തികാനുമതി നമ്പർ	ഭരണസമിതിയുടെ 23.01.2014-ലെ 21 നമ്പർ തീരുമാനം

ജില്ലാ ആസൂത്രണസമിതി അംഗീകാരം	980/2014/ഡിപിസി/ഡിപിഒ/കെടിഎം/തീയതി.11.06.2015 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി)
ഗുണഭോക്തൃലിസ്റ്റ് അംഗീകാരം	ഭരണസമിതിയുടെ 27.09.2014-ലെ I(6)-ാം നമ്പർ തീരുമാനം
ടെൻഡർ അംഗീകാരം	ഭരണസമിതിയുടെ 10.2.2014-ലെ 1-ാം നമ്പർ തീരുമാനം
പർച്ചേസ് കമ്മിറ്റി യോഗങ്ങൾ	07.08.2014, 30.10.2014, 15.11.2014, 02.02.2015, 09.02.2015, 26.02.2015

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വാർഷികപദ്ധതി അടങ്കൽ	36221440
ആകെ ചെലവ്	21155691
ചെലവ് ശതമാനം	58.4

ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം				നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം		
വിഭാഗം	പുതിയവ	സ്പിൽ ഓവർ	ആകെ	പുതിയവ	സ്പിൽ ഓവർ	ആകെ
പൊതു വിഭാഗം	98	07	105	89	6	95
എസ്.സി.പി	10	00	10	5	00	5
ടി.എസ്.പി	1	00	1	00	00	00
ആകെ	109	07	116	94	06	100

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 86.2

വാർഷികപദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വരവുചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട് സ്രോതസ്സ്	വകയിരുത്തിയതുക	ചെലവഴിച്ച തുക
വികസനഫണ്ട്	8659768	6537069
ആസ്തിപരിപാലനഗ്രാന്റ്-റോഡിതരം	2188478	2168218
ആസ്തിപരിപാലനഗ്രാന്റ്-റോഡ്	6687611	6590603

13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്	4481381	3007227
ലോകബാങ്ക് ധനസഹായം	3490443	1186114
കേന്ദ്രാവിഷ്കൃതപരിപാടി	6199000	562123
സംസ്ഥാനാവിഷ്കൃതപരിപാടി	420469	420469
തനതുഫണ്ട്	108986	57038
ജില്ലാപഞ്ചായത്ത് വിഹിതം	0	0
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	0	0
മറ്റിനങ്ങൾ	3985304	626830
ആകെ	36221440	21155691
ആകെ ചെലവ് ശതമാനം		58.4

ബി) വാർഷികപദ്ധതി നിർവഹണം

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും കർഷകരും കർഷകത്തൊഴിലാളികളുമാണെങ്കിലും കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുന്ന സമഗ്രമായ ഒരു വികസനനയം തയ്യാറാക്കുവാൻ പന്ത്രണ്ടാം പദ്ധതിക്കാലയളവിലും ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഏതാനും ആവർത്തന പ്രോജക്ടുകൾ മാത്രമാണ് ഓഡിറ്റ് വർഷങ്ങളിൽ നടപ്പാക്കിയത്. അതിലേറെയും ഉത്പാദനമേഖലയിലെ പ്രോജക്ടുകൾ നടപ്പാക്കുന്ന ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം മുൻനിർത്തി ആസൂത്രണം ചെയ്തവ ആയിരുന്നു. ഇതരമേഖലകളായ സേവനമേഖല, പശ്ചാത്തലമേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിഞ്ഞുവെങ്കിലും കാർഷിക മേഖലയുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കാതിരുന്നത് പ്രോജക്ട് നടത്തിപ്പിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

2013-14

നേട്ടങ്ങൾ	**കോട്ടങ്ങൾ**
1. ക്ഷീര-മൃഗ സംരക്ഷണമേഖലയിൽ ക്ഷീരകർഷകർക്ക് ഇൻസെന്റീവ്, കന്നുകുട്ടിപരിപാലനംതുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി 2. ഭവനനിർമാണമേഖലയിൽ മികച്ച നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. 3. രോഗാതുരരായ സാധുജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നടപ്പാക്കി. 4. രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ജലനിധി പ്രോജക്ട് ആവിഷ്ക്കരിച്ചു. 5. വനിതാശാക്തീകരണം മുൻനിർത്തി ഉത്പന്ന വിപണനകേന്ദ്രത്തിന്റെ നിർമാണം പൂർത്തീകരിച്ചു.	1.നെൽക്കൃഷി അനുദിനം സംസ്ഥാനത്ത് കുറഞ്ഞുവരുന്ന സാഹചര്യം നിലനിൽക്കുമ്പോൾ കൃഷിയോഗ്യമായ അനേകം ഹെക്ടർ നിലം കൈമുതലായുള്ള പഞ്ചായത്തിൽ പ്രസ്തുത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കേവലം 9000/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. 2.ഖരമാലിന്യപരിപാലന പ്രോജക്ട് ആസൂത്രണം ചെയതെങ്കിലും നടപ്പായില്ല 3. ആശ്രയ പ്രോജക്ട് വാർഷികപദ്ധതിയുടെ ഭാഗമായില്ല.

6. ഭരണനവീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് കാര്യാലയത്തിൽ സെർവർ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കാൻ കഴിഞ്ഞു. 7. വിവിധ റോഡുകൾ, അംഗൻവാടികൾ , സ്കൂളുകൾ, ഘടകസ്ഥാപനങ്ങൾ എന്നിവ നവീകരിച്ചു.	

2014-15

നേട്ടങ്ങൾ	കോട്ടങ്ങൾ
1) ക്ഷീര-മൃഗ സംരക്ഷണ മേഖലയിൽ ക്ഷീരകർഷകർക്ക് ഇൻസെന്റീവ്, കന്നുകുട്ടി പരിപാലനം തുടങ്ങിയ പ്രോജക്ടുകൾക്കൊപ്പം കാലിത്തൊഴുത്ത് നിർമാണത്തിനും പ്രോജക്ടുകൾ നടപ്പാക്കി. 2)ഉറവിടമാലിന്യ മാലിന്യ സംസ്ക്കരണത്തിന് പ്രത്യേക പ്രോജക്ട് ആവിഷ്ക്കരിച്ചു. 3)രോഗാതുരരായ സാധു ജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ തൻവർഷവും വിജയകരമായി നടപ്പാക്കി. 4) ഘടക സ്ഥാപനങ്ങളും വിവിധ അംഗൻവാടികളും നവീകരിക്കുകയും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. 5) വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി.	1.നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്പ്രോജക്ടുകളൊന്നും ആവിഷ്ക്കരിച്ചില്ല. 2.സ്ത്രീ ശാക്തീകരണം, സാമൂഹ്യപദവി ഉയർത്തൽ, സാമ്പത്തിക സ്വയം പര്യാപ്തത എന്നിവ മുന്നിൽക്കണ്ട് ആവിഷ്ക്കരിച്ച വനിതാ ഉത്പന്ന വിപണന കേന്ദ്രത്തിന്റെ വൈദ്യുതീകരണത്തിന് തുക നിക്ഷേപിച്ച് രണ്ടു വർഷങ്ങൾ കഴിഞ്ഞിട്ടും അത് പൂർത്തിയാക്കി വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്ക്കരിക്കാനുതകും വിധം പ്രവർത്തനസജ്ജമായിട്ടില്ല. (കെട്ടിടത്തിന്റെ ഉദ്ഘാടനം 03.10.2015-ൽ നടന്നുവെന്നതും ശ്രദ്ധേയമാണ്.) 3.പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി ഫണ്ട് വിനിയോഗത്തിൽ ഗണ്യമായ കുറവുണ്ടായി. SCP ഫണ്ടിന്റെ വിനിയോഗം കേവലം23 ശതമാനം മാത്രമാണ്. TSP ഫണ്ട് തൻവർഷംചെലവഴിച്ചതേയില്ല. തൻമൂലം പൊതു വിഭാഗത്തിൽ നിന്ന് പരിഹാരവകയിരുത്തൽ നടത്തേണ്ട സാഹചര്യവും സംജാതമായി. 4.ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി കേവലം സ്കോളർഷിപ്പ് വിതരണം ചെയ്യുന്ന പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. 5.യഥാക്രമം 16ലക്ഷം രൂപയും, 24 ലക്ഷം രൂപയും പ്രായോഗികത പരിഗണിക്കാതെ വകയിരുത്തി ആസൂത്രണം ചെയ്ത IAY (ജനറൽ) സ്റ്റേറ്റ് വിഹിതം നൽകൽ, IAY (ജനറൽ) കുടിശ്ശിക നൽകൽഎന്നീ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതിരുന്നത് വാർഷികപദ്ധതി ചെലവ് ഗണ്യമായി കുറയാൻ കാരണമായി. 6. കൃഷി -അനുബന്ധമേഖലകൾ, ഭരണനിർവഹണം, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം-സംസ്ക്കാരം, കുടിവെള്ളം-ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗതീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്താത്തതും പദ്ധതി ആസൂത്രണ -നിർവഹണ ഘട്ടങ്ങളിലെ ഗൗരവം ഏറിയ വീഴ്ചകളായി. 7.ഖരമാലിന്യപരിപാലനത്തിനുവേണ്ടി ലഭിച്ച ശുചിത്വമിഷൻ ഫണ്ട് ഭാഗികമായി മാത്രമാണ്

	ചെലവഴിക്കാൻ കഴിഞ്ഞത്.

1-7 തനത് വരുമാനം

2013-14

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	2022072	2589370	567298	28
നികുതിയേതര വരവുകൾ	288761	310547	21786	8
മറ്റു വരവുകൾ	3716424	4409268	692844	19
ആകെ	6027257	7309185	1281928	21

2014-15

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	2589370	2694634	105264	4
നികുതിയേതര വരവുകൾ	310547	376955	66408	21
മറ്റുവരവുകൾ	4409268	5276933	867665	20
ആകെ	7309185	8348522	1039337	14

<u>തനതു ഫണ്ട് വരവുകൾ</u>

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് വരവുകൾ സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ചുവടെ സമാഹരിക്കുന്നു.
മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു വരുമാനസ്രോതസ്സുകൾ വസ്തുനികുതി, തൊഴിൽനികുതി , വാടക, ലൈസൻസ് ഫീസുകൾ എന്നിവയാണ്.

- 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും)ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം ചട്ടങ്ങൾ നിലവിൽവന്ന് 5വർഷങ്ങൾക്ക് ശേഷവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.
- പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നികുതി നൽകാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളെയും സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തുന്നില്ല.
- വസ്തുനികുതി, തൊഴിൽ നികുതി കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കാത്തതിനാൽ ഗണ്യമായ തുകകൾ കാലഹരണപ്പെട്ടും ഡിമാന്റിൽ ഉൾപ്പെടാതെയും നഷ്ടപ്പെടുന്നുണ്ട്.
- സ്ഥിരമായി പല സ്ഥാപനങ്ങളും സ്ഥാപനതൊഴിൽനികുതി ഒടുക്കാതെ രക്ഷപ്പെടുന്ന സാഹചര്യം തൻവർഷവും ആവർത്തിച്ചു.
- പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/പുതുക്കൽ കൃത്യമായി നടക്കുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 തനതു ഫണ്ട് ചെലവുകൾ

- പരിമിതമായ വരുമാനസ്രോതസുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായിട്ടുള്ളത്. റവന്യൂ ചെലവുകളിൽ വരുന്ന വർദ്ധനവിന് ആനുപാതികമായി വരവ് വർദ്ധിക്കാത്തതിനാൽ റവന്യൂ കമ്മി പരിഹരിക്കുന്നതിന് മുൻവർഷം സർക്കാരിൽനിന്ന് ഗ്യാപ് ഫണ്ട് സ്വീകരിക്കേണ്ട സാഹചര്യം സംജാതമായി.
- ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന

ചെലവുകൾ, വാഹനവാടക തുടങ്ങിയവയാണ് പ്രധാന റവന്യു ചെലവിനങ്ങൾ.

- വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അതിന് ആധാരമാക്കേണ്ട രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- വെള്ളക്കരം കൃത്യമായി അടവാക്കി വരുന്നുവെങ്കിലും ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
- പഞ്ചായത്തിന്റെ ഋണബാധ്യതാ കണക്കുകളിൽ അവ്യക്തതയുണ്ട്. കാലഹരണപ്പെട്ട നിക്ഷേപങ്ങളിൽ പലതും കണക്കുകളിൽ നിലനിർത്തിയിരിക്കുന്നു.
- തിരികെ ലഭിച്ച പദ്ധതി വിഹിതം സർക്കാരിലേക്ക് അടവാക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നു.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്.
- വൗച്ചറുകൾ മാസക്രമത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.
- തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-9 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	2013-14		2014-15	
	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	54960	88	118200	57
കർഷകതൊഴിലാളി പെൻഷൻ	841260	178	1238745	168
വിധവാപെൻഷൻ	2456317	310	2533877	361
വാർദ്ധക്യകാലപെൻഷൻ	697080	191	1818790	216
വികലാംഗ പെൻഷൻ	914301	130	1286250	134
അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	86800	33	202895	33
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	-		190000	9

1-10 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.4.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8381/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-11 <u>ആഭ്യന്തരനിയന്ത്രണം</u>

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം മികച്ച രീതിയിൽ പ്രവർത്തിയ്ക്കുന്നു. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്.

സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. രജിസ്റ്ററുകളുടെ പരിപാലനവും തൃപ്തികരമാണ്.

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	4.5.15	07/14 -3/15	റിപ്പോർട്ട് ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.6.03	1997-98 2002-03	1.9.2003

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച ചെക്ക് ദീർഘകാലമായി പണമാക്കിയിട്ടില്ല

ലഘുഭക്ഷണചെലവ് ക്രമീകരിക്കുന്നതിനുവേണ്ടി ളാലം ബ്ലോക്ക് പഞ്ചായത്തിൽനിന്നും ചെക്ക് നം.640495/21.11.14 മുഖേന ലഭിച്ച 1260/- രൂപാ രസീത് നം.11401500009 തീയതി 30.12.14 പ്രകാരം സ്വീകരിച്ച് 1.1.2015-ൽ മീനച്ചിൽ സർവ്വീസ് സഹകരണബാങ്കിലെ 811-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കുകയുണ്ടായില്ല (നം.20/30.4.2016). ടി തുക ക്രമവൽക്കരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2-2 ചെക്കുകൾക്കും ഡ്രാഫ്റ്റുകൾക്കും കളക്ഷൻ ചാർജ് ഈടാക്കുന്നതുമൂലം പഞ്ചായത്തുഫണ്ടിനു നഷ്ടം

ഗ്രാമപഞ്ചായത്തിൽ ചെക്കായും, ഡ്രാഫ്റ്റായും സ്വീകരിക്കുന്ന തുകകൾ മീനച്ചിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നം.കെ 271അക്കൗണ്ട് നം.811- ലാണ് നിക്ഷേപിക്കുന്നത്. ആയതിന് ബാങ്ക് കളക്ഷൻ ചാർജ് ഈടാക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെക്ക്/ഡിഡി നം./ തീയതി	തുക	വരവു വച്ച തുക	കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയ തുക
1	78421/5.3.15	8000/-	7944/-	56/-
2	770528/11.5.15	462700/-	462333/-	367/-
3	073007/21.11.15	82830/-	82690/-	140/-
4	072993/21.11.15	5356/-	5298/-	58/-
5	073000/21.11.15	464/-	435/-	29/-

ചെക്കായും ഡ്രാഫ്റ്റായും തുകകൾ സ്വീകരിക്കുമ്പോൾ ആയതിൽ കളക്ഷൻ ചാർജ് തുക കൂടി ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2-3 ഫ്രണ്ട് ഓഫീസ്

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ കാര്യക്ഷമമാണ്. ഡ്യൂട്ടി രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവയിൽ കൃത്യമായ വിവരങ്ങൾ ചേർത്ത് പരിപാലിക്കുന്നുണ്ട്. അതാതു ദിവസത്തെ സാംഖ്യ സ്റ്റേഷനറിയുടെ വിനിയോഗവിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ജി.ഒ.(എം.എസ്)123/2009/ത.സ്വ.ഭ.വ തീയതി 02.07.2009 മാർഗ്ഗരേഖപ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

2-4 വസ്തു നികുതി

എ) <u>നികുതി പരിഷ്ക്കരണം നാളിതുവരെ പൂർണമായിട്ടില്ല</u>

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് 2011-ൽ സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 14.1.2011-ലെ കേരള അസാധാരണ ഗസറ്റ് നം.82, 14.1.2011-ലെ വിജ്ഞാപനം (സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011/തസ്വഭവ) പ്രകാരം എസ്.ആർ.ഒ നം.37/2011 ആയി ഗ്രാമപഞ്ചായത്തുകളിലെ പരിഷ്ക്കരണ ചട്ടങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു (കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും)ചട്ടങ്ങൾ). ചട്ടപ്രകാരമുള്ള പരിഷ്ക്കരണം നടപ്പാക്കുന്നതിന് ഒരു സമയക്രമപ്പട്ടികയും സർക്കാർ നിശ്ചയിച്ചിരുന്നു. തദ്ദേശസ്വയംഭരണവകുപ്പിന്റെ 9.3.12-ലെ ജി.ഒ (ആർടി)നം.716/2012, പഞ്ചായത്ത് ഡയറക്ടറുടെ 8.7.13, 2.5.14 എന്നീ തീയതികളിലെ സി6-6865/11 നമ്പർ സർക്കുലറുകൾ എന്നിവപ്രകാരം സമയക്രമത്തിൽ ഇളവുകൾ അനുവദിച്ചെങ്കിലും ചട്ടങ്ങൾ നിലവിൽ വന്ന് 5 വർഷങ്ങൾക്കുശേഷവും വസ്തു നികുതി പരിഷ്ക്കരണം നൂറു ശതമാനത്തിലെത്തിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെ 5627 കെട്ടിടങ്ങൾ ഉള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം
1	410
2	518
3	433
4	431
5	326
6	456
7	724
8	383
9	384
10	443
11	278
12	414
13	427
ആകെ	5627

ഇവയുടെ നമ്പറിംഗ്, ഫോം 6-ൽ ശേഖരിച്ച വിശദാംശങ്ങളുടെ ഡേറ്റാ എൻട്രി എന്നിവ പൂർത്തീകരിച്ചു. പ്രസ്തുത വിവരങ്ങളെ ആസ്പദമാക്കി 5471 കെട്ടിടങ്ങൾക്ക് ഡിമാന്റ് തയ്യാറാക്കി നോട്ടീസ് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇവയ്ക്ക് നിലവിൽ പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തിയുള്ള നികുതിയാണ് ഈടാക്കി വരുന്നത്.

വസ്തുനികുതി പരിഷ്ക്കരണം മെച്ചപ്പെട്ട നിലയിൽ പുരോഗമിച്ചു വന്ന വേളയിൽ 31.3.2014-ൽ ഭരണസമിതി നികുതി പരിഷ്ക്കരണത്തിനെതിരെ മുന്നോട്ടുവരികയും സമീപമുള്ള മറ്റു പഞ്ചായത്തുകളിൽ പരിഷ്ക്കരിച്ച നികുതി ഈടാക്കാൻ ആരംഭിച്ചിട്ടില്ലായെന്ന തികച്ചും സാങ്കേതികമായ കാരണം മുൻനിർത്തി, പുതുക്കിയ നിരക്കനുസരിച്ചുള്ള ഡിമാന്റ് നോട്ടീസുകൾ നൽകുന്ന നടപടികൾ നിർത്തിവെയ്ക്കാൻ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി തീരുമാനം എടുത്തിരുന്നു (തീരുമാന നം.1).

തദ്ദേശസ്വയംഭരണവകുപ്പ് 27.04.2015-ൽ ജി.ഒ.(എംഎസ്) 144/2015 നമ്പറായി ആയി പുറപ്പെടുവിച്ച ഭേദഗതികൾക്കനുസൃതമായി ഡിമാന്ററിൽ മാറ്റങ്ങൾ വരുത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഡിമാന്ററിൽ നിന്ന് ഒഴിവാക്കുന്ന നടപടികളും പൂർത്തീകരിക്കുന്നതേയുള്ളു. നടപടികൾ പൂർണമാക്കി വസ്തുനികുതി പരിഷ്ക്കരണം യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

ബി) <u>ഡിമാന്റ് കണക്കുകൾ അവാസ്തവികം</u>

വസ്തു നികുതി പരിഷ്ക്കരണം പൂർണതോതിൽ നടപ്പാകാത്തതിനാൽ ധനകാര്യപത്രികയിൽ ക്രോഡീകരിച്ച് സമർപ്പിച്ചിട്ടുള്ള ഡിമാന്റ് കണക്കുകൾ അവാസ്തവികമാണ്. പുതിയ നിർമാണങ്ങളുടെ നികുതി നിർണയത്തിന്റെ പൂർണമായ വിവരങ്ങൾ "സഞ്ചയയിൽ" ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും മുൻവർഷ ഡിമാന്റുകളിൽ ഉൾപ്പെട്ടിരുന്ന അനേകം കെട്ടിടങ്ങൾ ഇതിനോടകം പൊളിച്ചുകളഞ്ഞുവെങ്കിലും (പൊളിച്ചു കളഞ്ഞുവെന്ന് പിരിവു വിഭാഗം ജീവനക്കാർ പ്രാദേശിക പരിശോധനയിൽ ഉറപ്പാക്കിയവ) അവ ഡിമാന്ററിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതേയുള്ളു. ഇതോടൊപ്പം ഡിമാന്ററിൽനിന്ന് വിട്ടുപോയവയെയും ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച ഡിമാന്റു കണക്കുകൾ യഥാവിധി പിഴ തീർത്ത് സൂക്ഷിക്കേണ്ടതാണ്. {തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എംഎസ്) 144/2015 നമ്പർ ഉത്തരവു പ്രകാരം അനുവദിച്ചതും 2015-16 വർഷം മുതൽ പ്രാബല്യമുള്ളതുമായ ഇളവുകൾ കൂടി (60 ച.മി.വരെയുള്ള വാസഗൃഹങ്ങൾക്കുള്ള നികുതിയിളവ്) പരിഗണിച്ച്.)}.

സി) <u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അസസ്മെന്റ്, ഡിമാന്റ്, അനധികൃതകെട്ടിടങ്ങളുടെ ക്രമവത്ക്കരണം എന്നിവയ്ക്ക് രജിസ്റ്ററുകളും ജവാൻമാരുടെ വാസഗൃഹങ്ങൾക്ക് ഇളവുനൽകുന്നതിന് ഫയലും സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ രീതിയനുസരിച്ചുള്ള നികുതി നിർണയത്തിന്റെ കൃത്യത നിർണയിക്കുന്നതിനാവശ്യമായ വിവരങ്ങൾ -- കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, റോഡിന്റെ തരം, തറനിർമിതി, ഉപയോഗക്രമം, എയർ കണ്ടീഷണറിന്റെ തരം തുടങ്ങിയവ—നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഓഡിറ്റ് വർഷങ്ങളിൽനികുതി നിർണയിച്ച എല്ലാ കെട്ടിടങ്ങളുടെയും ഡിമാന്റ് വിവരങ്ങൾ "സഞ്ചയ" യുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാലും (ഡേറ്റാ എൻട്രി, പരിശോധന, സെക്രട്ടറി അംഗീകാരം നൽകൽ എന്നീ നടപടികൾ പൂർത്തിയാകാത്തതിനാൽ) സപ്ലിമെന്ററി ഡിമാന്റുകളുടെ സമഗ്രതയും കൃത്യതയും പൂർണമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2-5 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ തൊഴിൽനികുതി/സ്ഥാപനതൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ഇനം	കാലയളവ്
മണപ്പുറം ഫൈനാൻസ്	തൊഴിൽനികുതി & സ്ഥാപനതൊഴിൽനികുതി	2013-14 രണ്ടാം അർദ്ധവർഷം 2014-15 രണ്ടാം അർദ്ധവർഷം
മദ്രാസ് സിമന്റ്സ്	തൊഴിൽനികുതി	2014-15 രണ്ടാം അർദ്ധവർഷം
റ്റി.എസ് നം.27	തൊഴിൽനികുതി & സ്ഥാപനതൊഴിൽ നികുതി	2014-15 ഒന്നും, രണ്ടും അർദ്ധവർഷം
റ്റി.എസ് നം.18	തൊഴിൽനികുതി & സ്ഥാപനതൊഴിൽ നികുതി	2014-15 ഒന്നും, രണ്ടും അർദ്ധവർഷം

മേൽ അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/28.4.16) നൽകിയ മറുപടിയിൽ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതിയും

സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-6 തൊഴിൽ നികുതി - ജീവനക്കാരനെ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി

കെ.റ്റി.ജെ.എം. ഹൈസ്കൂൾ ഇടമറ്റം എന്ന സ്ഥാപനം 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ശ്രീ.ജിജൻ ജെ.നെച്ചിക്കാട്ട്, എന്ന ജീവനക്കാരനിൽ നിന്നും 2013-14 സാമ്പത്തികവർഷം രണ്ട് അർദ്ധവർഷവും 1250/-രൂപാ വീതവും, 2014-15 സാമ്പത്തികവർഷം ഒന്നാം അർദ്ധവർഷം 1250/-രൂപയും തൊഴിൽ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തികവർഷം രണ്ടാം അർദ്ധവർഷം നിയമനം അംഗീകരിച്ചിട്ടില്ലായെന്ന കാരണത്താൽ ടിയാനെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി. മേൽ അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/28.4.16) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടിയാൻ 2014-15 സാമ്പത്തിക വർഷം ശമ്പളമിനത്തിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തൊഴിൽനികുതി ഈടാക്കണമെന്ന് എച്ച്.എം.നോട് ആവശ്യപ്പെടേണ്ടതാണ്.

2-7 ഡി & ഒ ലൈസൻസ് -- സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഡി & ഒ ലൈസൻസ് സംബന്ധമായ രജിസ്റ്ററുകളും, അനുബന്ധരേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. 2013-14-ൽ 194 സ്ഥാപനങ്ങൾ ലൈസൻസിനായി ഗ്രാമപഞ്ചായത്തിനെ സമീപിച്ചപ്പോൾ 2014-15-ൽ അത് 186 ആയി കുറഞ്ഞു. 2013-14-ൽ 39 സ്ഥാപനങ്ങളും 2014-15-ൽ 48 സ്ഥാപനങ്ങളും മാത്രമാണ് നിയമാനുസൃത സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനരജിസ്റ്റർ സൂക്ഷിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2-8 ഡി & ഒ ലൈസൻസ് - ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സി.എസ്.കെ.ഫ്യൂവൽസ് (ഭാരത് പെട്രോളിയം ഡീലർ) എന്ന സ്ഥാപനം 2013-14, 2014-15 സാമ്പത്തികവർഷങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചതെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. മേൽ അപാകത സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല (നം.14/28.4.2016). കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) അനുസരിച്ച് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിനുമേൽ നിയമനടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പഞ്ചായത്തുഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇതിലേയ്ക്കു ക്ഷണിക്കുന്നു.

2-9 ഭരണസമിതി തീരുമാനങ്ങൾ പൂർണമായി നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതി ഓഡിറ്റ് വർഷങ്ങളിൽ കൈക്കൊണ്ട ചില തീരുമാനങ്ങൾ പൂർണമായി നടപ്പാക്കിയിട്ടില്ലായെന്ന് കാണുന്നു. തീരുമാനങ്ങളുടെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **<u>തീരുമാന നം.7/10.2.2014</u>**

6-ാം വാർഡിൽ മല്ലികശ്ശേരി ഭാഗത്ത് പൊന്നൊഴുകും തോടിന്റെ പുറമ്പോക്കിൽ നിന്ന മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയ വ്യക്തിക്കെതിരെ നടപടി സ്വീകരിക്കാനും തടഞ്ഞു സൂക്ഷിച്ച മരങ്ങളും വിറകും ലേലം ചെയ്യാനും തീരുമാനിച്ചു. തടികൾ കടത്തിക്കൊണ്ടുപോയ ശ്രീ.ജെയിംസ് ജോസഫ് ജീരകത്തിൽ എന്നയാൾക്കെതിരെ പിഴ ചുമത്താനും രണ്ട് തേക്ക്, ഒരു ആഞ്ഞിലി എന്നിവയുടെ വിലയായി ഒരു ലക്ഷം രൂപ ഈടാക്കാനും തുടർന്ന് തീരുമാനിച്ചു. തീരുമാന നം.16/15.5.2014

തടഞ്ഞുവെച്ച മരങ്ങൾ 6.10.2014-ൽ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി. എന്നാൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിൽ അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ട്. തടി കടത്തിക്കൊണ്ടുപോയ വ്യക്തിക്കെതിരെ പോലീസിലോ കോടതിയിലോ അന്യായം ഫയൽ ചെയ്യാതിരുന്നതും സംശയാസ്പദമാണ്. 10.2.2014-ൽ ടിയാനെതിരെ പിഴ ചുമത്താൻ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തെങ്കിലും 23.9.2014-ൽ മാത്രമാണ് ഒരു നോട്ടീസ് പോലും അയച്ചത്. പ്രസ്തുത നോട്ടീസിനോട് ടി വ്യക്തി പ്രതികരിക്കാതിരുന്നതിനെത്തുടർന്ന് 10.11.2014, 23.7.2015 എന്നീ തീയതികളിലും നോട്ടീസുകൾ അയച്ചതായി പഞ്ചായത്ത് അധികൃതർ മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ നില്പ് ആസ്തികളിൽ കടന്നുകയറി നാശനഷ്ടമുണ്ടാക്കിയ

വ്യക്തിക്കെതിരെ ശക്തമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കാതെ ഭരണസമിതി തീരുമാനമെടുത്തിട്ടും കേവലം ഒരു നോട്ടീസയയക്കാൻപോലും ഏഴര മാസത്തെ കാലതാമസം വരുത്തിയെന്നത് കാര്യനിർവഹണ ഉദ്യോഗസ്ഥനെന്നനിലയിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ഒടുവിൽ തടി മുറിച്ചുകടത്തിയത് ശ്രീ.ജെയിംസ് ജോസഫ് ജീരകത്തിൽ എന്നയാൾ അല്ലെന്നും ശ്രീ.സുനിൽ ജോർജ് പന്തപ്ലാക്കൽ എന്ന വ്യക്തി അതിന്റെ ഉത്തരവാദിത്വമേറ്റെടുത്ത് 29.12.2015-ൽ പിഴഅടയ്ക്കാൻ സമ്മതമറിയിച്ച് മുന്നോട്ടു വന്നുവെന്നും സെക്രട്ടറി മറുപടിയിൽ പരാമർശിക്കുന്നു. എന്നാൽ വെട്ടി മാറ്റിയ തടിക്കുറ്റികളിൽനിന്നും അവയുടെ മൂല്യനിർണയം നടത്തുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർക്ക് 8.4.2016, 18.4.2016 എന്നീ തീയതികളിൽ കത്തിടപാടുകൾ നടത്തിയതായും സെക്രട്ടറി വിശദീകരിക്കുന്നു.

പഞ്ചായത്തിന്റെ വസ്തു വകകൾ സംരക്ഷിക്കുന്നതിനും അവയിലുള്ള കയ്യേറ്റം തടയുന്നതിനും ഭരണസമിതിക്കും പഞ്ചായത്ത് സെക്രട്ടറിക്കും ഉത്തരവാദിത്വം ഉണ്ട്. തടി വെട്ടിയതായി കണ്ടെത്തിയ സമയത്ത് തന്നെ അതിന്റെ ഉത്തരവാദികളായവരെ കണ്ടെത്തുകയും മൂല്യനിർണ്ണയം നടത്തി നഷ്ടമായ തുക ഈടാക്കുകയും ചെയ്യുകയോ അയാൾക്കെതിരെ ക്രിമിനൽ നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. സംഭവം നടന്ന് രണ്ടര വർഷം കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ നീണ്ടുപോകുന്നതല്ലാതെ പഞ്ചായത്തിന് ഉണ്ടായ നഷ്ടം ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ അന്വേഷണം അനിവാര്യമാണ്. പഞ്ചായത്തധികൃതരിൽനിന്ന് സംഭവിച്ച ഗുരുതര വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതും തടി കടത്തിക്കൊണ്ടുപോയ വ്യക്തിയ്ക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2-10 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യമെഡിക്കൽ സ്ഥാപനങ്ങൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്
1	കൽപ്പനാ ദന്താശുപത്രി, പൈക
2	ലയൺസ് ചാരിറ്റബിൾ ട്രസ്റ്റ്, കണ്ണാശുപത്രി
3	ഹീൽ & കെയർ ഹോമിയോ ക്ലിനിക്
4	തേവർകോട്ടയിൽ ഹോമിയോ ക്ലിനിക്

മേൽ പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/28.4/16) തൃപ്തികരമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെ 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതാണ്.

2-11 കൃഷി ആഫീസർ തിരികെ അടച്ച തുക യഥാവിധി ക്രമീകരിച്ചില്ല

2007-08 ജനകീയാസൂത്രണപദ്ധതി പ്രകാരം പൈകയിലെ അറവുശാല ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി അവശിഷ്ടങ്ങൾ സംസ്ക്കരിച്ച് ജൈവളമാക്കുന്നതിന് “വലിയകൊട്ടാരം ഉദയ സ്വാശ്രയ സംഘത്തിന്“ വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് 50000/-രൂപ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ആഫീസർ മുഖേന നൽകിയിരുന്നു. (അലോട്ട്മെന്റ്നം.45/2008/26.03.2008). തുക കൈമാറിയെങ്കിലും അറവുശാല പ്രവർത്തന സജ്ജമാകാതിരുന്നതിനാൽ വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. സംഘാംഗങ്ങൾക്ക് പ്രവർത്തനത്തിൽ താത്പര്യമില്ലാത്തതിനാൽ തിരികെ സമർപ്പിക്കുന്നുവെന്ന ആമുഖ കത്ത് സഹിതം കൃഷി ആഫിസർ ഡി.ഡി.നം.703264/28.10.2011 പ്രകാരം പ്രസ്തുത തുക 2012-13 സാമ്പത്തിക വർഷം തിരികെയടച്ചു. ടി തുക രസീതു നം 2551/95/19.4.2012 പ്രകാരം സ്വീകരിച്ച് 19.4.2012-ൽ മീനച്ചിൽ സർവീസ് സഹകരണ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ച ഫണ്ട് തനതു ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. സാമ്പത്തികവർഷം അവസാനിച്ചശേഷം തിരിച്ചടയ്ക്കുന്ന വികസനഫണ്ട് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ (ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി) 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 കാണുക) പ്രസ്തുത തുക “3604-00-911-അധികച്ചെലവ് വസൂലാക്കലുകൾ” എന്ന് കണക്കു ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 UID ഇൻസെന്റീവ് വിതരണം പൂർണ്ണമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 1581 ബിപിഎൽ കുടുംബങ്ങളിൽ UID യിൽ പേര് ചേർത്ത 474 ബിപിഎൽ കുടുംബങ്ങളിലെ ഗൃഹനാഥൻ/ഗൃഹനാഥയ്ക്ക് ഇൻസെന്റീവായി 150 രൂപ വീതം നൽകുന്നതിനായി 71100 രൂപ (ഡിഡി നം 233790/ 8.8.14) പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. എന്നാൽ 9/2014, 3/2015 മാസങ്ങളിലായി 264 കുടുംബങ്ങൾക്കായി 39600/- രൂപ മാത്രമാണ് വിതരണം ചെയ്തിരുന്നത്. ബാക്കി തുകയായ 31500/- തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടി തുക അർഹരായ 210 ബിപിഎൽ കുടുംബങ്ങൾക്കായി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-2 ശുചിത്വമിഷനിൽ നിന്നു ലഭിച്ച തുക ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല

ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ തെരഞ്ഞെടുത്ത വീടുകളിൽ ബയോഗ്യാസ് പ്ലാന്റും, പൈപ്പ് കംപോസ്റ്റും സ്ഥാപിക്കുന്നതിന് സാങ്കേതിക അനുമതിയും (നം.976/സി1/2008/എസ്.എം. തീയതി 9.10.12) നിർവ്വഹണത്തിന് 768750 രൂപയും ശുചിത്വമിഷനിൽ നിന്നും 26.03.2013ൽ പഞ്ചായത്തിന് കൈമാറിയിരുന്നു. മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിലെ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടായ 811ൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പൈപ്പ് കംപോസ്റ്റ് മാത്രമായി ഭേദഗതി ചെയ്യണമെന്ന പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് 390 എണ്ണം പൈപ്പ് കംപോസ്റ്റിന് അനുമതി നല്കുകയും അക്കൗണ്ടിലുള്ള തുകയിൽ നിന്നും 263250 രൂപ ശുചിത്വമിഷൻ വിഹിതമായി ചെലവ്ചെയ്യുന്നതിന് അനുമതി നല്കുകയുംചെയ്തിട്ടുണ്ട്. അനുമതി കത്തിൽ ബാക്കിനില്കുന്ന തുക 505500 രൂപ തിരിച്ചടക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ക്രമവിരുദ്ധമായി തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 505500 രൂപ നാളിതുവരെ ആർജിച്ച പലിശ സഹിതം ശുചിത്വമിഷനിൽ തിരിച്ചടക്കേണ്ടതാണ്.

3-3 ജലനിധി- പദ്ധതി പൂർത്തീകരണഘട്ടത്തിലേക്ക്

ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിൽ 5,17,14,357/- രൂപ അടങ്കലായി 25 ജലവിതരണ സ്കീമുകളാണ് ഉൾപ്പെടുത്തിയിരുന്നത്. 3,87,85,768/-സർക്കാർ വിഹിതവും 77,57,153/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 51,71,436/- ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. 25 ബെനഫീഷ്യറി ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2013-14, 2014-15 വർഷങ്ങളിലായി യഥാക്രമം 31,10,125/-, 32,90,994/- വീതം തുകകൾ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിരുന്നു. നിലവിൽ 15 സ്കീമുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കി 10 സ്കീമുകൾ കൂടി കമ്മീഷൻ ചെയ്യുന്നതോടെ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമാകുന്നു. ഇതോടെ പൊതു വാട്ടർ കണക്ഷൻ നിർത്തലാക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിക്കുമെന്ന് കരുതുന്നു.

3-4 വനിതകളുടെ ഉത്പന്നവിപണനകേന്ദ്രം വൈദ്യുതീകരണം-പൂർത്തീകരിച്ചിട്ടില്ല

2013-14 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വനിതകളുടെ ഉത്പന്നവിപണനകേന്ദ്രം വൈദ്യുതീകരണം എന്ന പ്രോജക്റ്റിനായി (പ്രോജക്റ്റ് നം 93/14) 40000/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം പേർക്ക് നൽകിയിരുന്നു (ഡിഡി നം. 603046/ 02.04.2014). 2014-15 വർഷം സ്പിൽ ഓവറായി നിലനിർത്തിയിട്ടുള്ള പ്രസ്തുത പ്രോജക്റ്റിന് സെന്റേജ് ചാർജ്ജായി 5000/- രൂപ ഒടുക്കണമെന്ന അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ വിങ്ങ് സബ് ഡിവിഷൻ കോട്ടയം ആവശ്യപ്പെട്ടതനുസരിച്ച് തുക തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് (ഡിഡി നം.70734/24.03.15). എന്നാൽ നാളിതുവരെ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടില്ല. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നില്ല. പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിച്ചിട്ടില്ല. വൈദ്യുതീകരണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരേക്കും 2013-14 വർഷം ചെലവഴിച്ച 40000/- രൂപയും 2014-15 വർഷം ചെലവഴിച്ച 5000/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 സ്ട്രീറ്റ് ലൈറ്റിന് സൂപ്പർവിഷൻ ചാർജ്ജ്- ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു (പ്രോജക്ട് നം.94/14). ടി പ്രോജക്റ്റ് നടപ്പാക്കുന്നതിലേക്കായി താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് എടുത്തു നൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പൈക/പാല/ഭരണങ്ങാനം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് കത്ത് നൽകിയിരുന്നു.

മുകളേൽപീടിക-ശ്മശാനം റോഡ് --10 CFL+1 tube

ഇടമറ്റം --രാജീവ്ഗാന്ധി കോളനി റോഡ് ---10 CFL

കിഴപറയാർ -പാറപ്പള്ളി റോഡ് ---10 CFL

മീനച്ചിൽവായനശാല-പാലാക്കാട്ടുള്ളിറോഡ്--12CFL+1 tube

തറപ്പേൽക്കടവ് --കുന്നേൽക്ഷേത്രം ---4 CFL

മഴുവഞ്ചേരി-പാറക്കടവ് റോഡ് ----10 CFL

അസ്സീസ്സിക്കടവ്- ചീങ്കണ്ണി റോഡ് ---- CFL

പൈക/പാല/ഭരണങ്ങാനം ഇലക്ട്രിക്കൽ സെക്ഷനുകളിൽ സൂപ്പർവിഷൻ ചാർജ്ജായി യഥാക്രമം 3200/-, 3300/-, 3500/- രൂപ വീതം ആകെ 10000/- രൂപയുടെ ഡിഡി (603095/02.04.2014) പാലാ ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് അയച്ചു നൽകിയിരുന്നു. ഇലക്ട്രിക് ലൈറ്റുകൾ പ്രസ്തുത പ്രദേശങ്ങളിൽ സ്ഥാപിച്ചത് സംബന്ധിച്ച വിശദാശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 2013-14, 2014-15 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായി മറ്റ് പ്രോജക്റ്റുകളൊന്നും തയ്യാറാക്കിയിരുന്നില്ല. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഹാജരാക്കിയിരുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.04.16) മറുപടി ലഭിച്ചില്ല. സൂപ്പർവിഷൻ ചാർജ്ജടച്ചിട്ടും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാശങ്ങൾ ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-6 ചെയ്യാത്ത പ്രവൃത്തിക്ക് തുക നല്കിയതുമൂലം പഞ്ചായത്തിന് 5403 രൂപ നഷ്ടം

പ്രോജക്ട് നമ്പർ	S0058/14
പ്രോജക്ട്	കുറ്റില്ലം അങ്കണവാടി അറ്റകുറ്റപ്പണി
അടങ്കൽ	275000 MGNR
അളവുപുസ്തകം	40/13-14
കരാറുകാരൻ	ഷാജി ജോർജ്
തുക നല്കിയതിന്റെ വിവരം	261063 രൂപ ഡി.ഡി നംപർ 603196 തീയതി 3.4.2014

മേൽ പറഞ്ഞ പ്രവൃത്തിയുടെ അളവുപുസ്തകം പ്രകാരം അപ്പന്റിക്സ് എ ഇനം 6 ആയി ചെയ്തിട്ടുള്ളത് 1:4 സിമന്റ് മിശ്രിതം ഉപയോഗിച്ച് 12 മി.മീ കനത്തിൽ ഭിത്തി തേപ്പ് ആയിരുന്നു. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവ് ചുവടെ ചേർക്കുന്നു.

കോമ്പൗണ്ട് വാൾ - 1x2x48x1.25= 120

ഗേറ്റ് പില്ലർ ടോപ്പ്-2x0.5x0.5=0.5

ഗേറ്റ് പില്ലർ -1x2x2x1.8=7.2

ആകെ =127.00 ച.മീ

എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി 121ച.മീ@2094/ച.മീ=25337.40 രൂപ കരാറുകാരന് നല്കിയിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കോമ്പൗണ്ട് വാൾ 35 മീറ്റർ നീളത്തിൽ മാത്രമേ പ്ലാസ്റ്ററിംഗ് നടത്തിയിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതു പ്രകാരം യഥാർത്ഥത്തിൽ ചെയ്ത അളവും നല്കാവുന്ന തുകയും ചുവടെ ചേർക്കുന്നു.

കോമ്പൗണ്ട് വാൾ - 1x2x35x1.25= 87.50

ഗേറ്റ് പില്ലർ ടോപ്പ്-2x0.5x0.5=0.5

ഗേറ്റ് പില്ലർ -1x2x2x1.8=7.2

ആകെ =95.20ച.മീ

നല്കാവുന്ന തുക 95.20 ച.മീ@2094/ച.മീ=19934.88 രൂപ

അധികം നല്കിയത് 25337.4-19934.88=5402.52രൂപ

പഞ്ചായത്തിന് നഷ്ടം വരുന്നവിധം ചെയ്ത പ്രവൃത്തിക്ക് തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 17/28.4.16 നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി 48 മീറ്റർ നീളത്തിലും മതിൽ നിർമ്മിച്ച് ഇരുപുറവും പ്ളാസ്റ്റർ ചെയ്തിരുന്നതാണെന്നും മതിലിനുള്ളിൽ മണ്ണ് നിറക്കുന്നതിനിടെ ലോറി തട്ടി പൊളിഞ്ഞ മതിൽ വീണ്ടും നിർമ്മിച്ചത് പ്ലാസ്റ്റർ ചെയ്യാത്തതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ ഇത്തരത്തിൽ തകർന്ന ചെറിയൊരുഭാഗം പുനർനിർമ്മിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. കരാറുകാരൻ ചെയ്ത പ്രവൃത്തിയിൽ ചെയ്യാത്ത വേലക്ക് അളവു രേഖപ്പെടുത്തി നല്കിയ 5403 രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-7 ഒരേ പ്രവൃത്തി രണ്ട് തവണ രേഖപ്പെടുത്തി തുക നല്കി പഞ്ചായത്തിന് 4548 രൂപ അധികച്ചെലവ്

പഞ്ചായത്ത് ഉടമസ്ഥതയിൽ വനിതകൾക്കായി ഉൽപ്പന്നവിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് 2013-14 വർഷം പത്ത് ലക്ഷം അടങ്കലുള്ള പദ്ധതിയും പദ്ധതി പൂർത്തീകരണത്തിനായി 83644 രൂപ അടങ്കലുള്ള പദ്ധതിയും രൂപീകരിച്ചിരുന്നു. സാമ്പത്തിക വർഷാവസാനം, ഒഴിവാക്കിയ പ്രോജക്ടുകളിൽ നിന്നുള്ള സേവിംഗ്സ് തുക ഉപയോഗിച്ച് പദ്ധതി പൂർത്തീകരണത്തിന് രണ്ടാമത് ഒരു പ്രോജക്ട് കൂടി തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ സ്റ്റെയർ റൂം, ടോയ്‌ലറ്റ് എന്നിവയുടെ തറ കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി രണ്ട് പ്രോജക്ടുകളിലും ചെയ്തതായി രേഖപ്പെടുത്തി പണം നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-0065/14	പ്രോജക്ട് നമ്പർ-0090/14
വനിത ഉൽപ്പന്ന വിപണനകേന്ദ്രം	വനിത ഉൽപ്പന്ന വിപണനകേന്ദ്രം-പൂർത്തീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ	നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ-1000000	അടങ്കൽ-83644
കരാറുകാരന് നല്കിയ തുക- 949700	കൺവീനർക്ക് നല്കിയ തുക- 78836
ഡി.ഡി നമ്പർ/തീയതി 532100/15.01.2014	ഡി.ഡി നമ്പർ/തീയതി 603205/03.04.2014
അളവുപുസ്തകം-09/13-14	അളവുപുസ്തകം-039/14

പ്രോജക്ട് നമ്പർ-0065/14 ന്റെ അളവുപുസ്തകം പേജ് 46 ൽ സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് തറ ഇടുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

സ്റ്റെയർ റൂം 1x4.1x2.3x0.075=0.707

ടോയ്‌ലറ്റ് 1x2x1x0.075=<u>0.150</u>

അകെ 0.857 ക്യു.മീ@5307=4548 രൂപ

പ്രോജക്ട് നമ്പർ-0090/14 ന്റെ അളവുപുസ്തകം പേജ് 3 ൽ സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് തറ ഇടുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

സ്റ്റെയർ റൂം 1x2.4x1.5x0.075=0.27

1x3.1x1.25x0.075=0.29

ടോയ്‌ലറ്റ് 1x2x1x0.075=<u>0.150</u>

ആകെ 0.710ക്യു.മീ@4615=3276.65രൂപ

മേൽ സൂചിപ്പിച്ചിട്ടുള്ള അളവുകളിൽ നിന്നും ഒരേ പ്രവൃത്തിക്ക് രണ്ട് പ്രോജക്ടുകളിലും തുക നല്കിയിട്ടുള്ളതായി കാണുന്നു. 12/28.04.2016 നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കരാറുകാരൻ മുഖേന ചെയ്ത പ്രവൃത്തിയിൽ ചെയ്യാത്ത വേലക്ക് അളവു രേഖപ്പെടുത്തി തുക നല്കിയതുമൂലമാണ് വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും കൺവീനർ മുഖാന്തിരം വേലചെയ്യുന്നതിനും ഇടയായത്. കരാറുകാരൻ ചെയ്ത പ്രവൃത്തിയിൽ ചെയ്യാത്ത വേലക്ക് അളവു രേഖപ്പെടുത്തി നല്കിയ 4548 രൂപ കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം അളവുരേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3-8-1 പഞ്ചായത്ത് ഫണ്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് മൂലം പഞ്ചായത്ത് ഫണ്ടിന് അനാവശ്യചെലവ്

2013-14

പ്രോജക്ട് നമ്പർ	059/2014,
പ്രോജക്ട്	പാറപ്പള്ളി, വിളക്കുമാടം, കൂവത്തോട് സ്കൂളുകളുടെ മേൽക്കൂര അറ്റകുറ്റപ്പണി
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	കെ.ആർ.രാധാകൃഷ്ണൻ
അടങ്കൽ	600000 (MGNR)
കരാറുകാരന് നല്കിയ തുക	568604 രൂപ(ഡി.ഡി.നം 535267തീ.3.3.2014)
അളവുപുസ്തകം	30/2013-14

2013-14 വർഷം പഞ്ചായത്ത് ഏറ്റെടുത്ത പ്രസ്തുത പ്രവൃത്തി, പഞ്ചായത്ത് നിയന്ത്രണത്തിലുള്ള പാറപ്പള്ളി, വിളക്കുമാടം, കൂവത്തോട് സ്കൂളുകളുടെ മേൽക്കൂര ബലപ്പെടുത്തുകയായിരുന്നു. ഇതിനായി നിലവിലുള്ള ഓട് പൊളിച്ച് സ്റ്റാക്ക് ചെയ്യുകയും ജി.ഐ പൈപ്പ് ഉപയോഗിച്ച് മേൽക്കൂര ബലപ്പെടുത്തിയ ശേഷം സ്റ്റാക്ക് ചെയ്ത ഓട് ഉപയോഗിച്ച് വീണ്ടും റൂഫിംഗ് നടത്തുകയുമായിരുന്നു. പൊളിച്ച് സ്റ്റാക്ക്ചെയ്ത ഓട് ഉപയോഗിച്ച് വീണ്ടും റൂഫിംഗ് നടത്തുന്നതിന് അനുവദനീയമായ റേറ്റ്(ജില്ലാ സാങ്കേതിക സമിതി അംഗീകരിച്ചത്)താഴെപ്പറയുന്നു.

ഓട് പൊളിച്ച് സ്റ്റാക്ക് ചെയ്യുന്നതിന് 0.5 മനുഷ്യക്കൂലി 377/10 ച.മീ = 188.50

(SDB Sl No 14

ഓട് ഉപയോഗിച്ച് റൂഫിംഗ് നടത്തുന്നതിന് 0.35 മേസൺ 471/ച.മീ = 164.85

0.35 മനുഷ്യക്കൂലി 377/10 ച.മീ = <u>131.95</u>

(SDB SL451) 485.30

OH 5% 24.26

CP 10% <u>48.53</u>

ആകെ 558.09/ച.മീ

വർക്ക് ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ മേൽ നിരക്കിൽ തുക നല്കിയിട്ടുള്ളതിന് പുറമെ ഓട് പൊളിച്ച് സ്റ്റാക്ക് ചെയ്യുന്നതിന് താഴെപ്പറയും പ്രകാരം അധിക തുക നല്കിയിട്ടുണ്ട്

0.5 മനുഷ്യക്കൂലി 377/10 ച.അടി = 188.50

(SDB Sl No 14)

OH 5% 9.425

CP 10% <u>18.85</u>

216.77

=217/ച.മീ

അനുവദനീയമല്ലാത്ത തുക നല്കിയതുമൂലമുണ്ടായഅധികച്ചെലവ് ചുവടെ ചേർക്കുന്നു.

വിളക്കുമാടം	അപ്പന്റിക്സ് എ ഇനം 1	307 ച.മീ x217/10ച.മീ	6662
പാറപ്പള്ളി	അപ്പന്റിക്സ് ബി ഇനം 1	300 ച.മീ x217/10ച.മീ	6510.00
കൂവത്തോട്	അപ്പന്റിക്സ് സി ഇനം 1	487 ച.മീ x217/10ച.മീ	10567.90
		ആകെ	23739.90

പഞ്ചായത്ത് ഫണ്ടിന് 23739.90 രൂപ അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം: 8/26.04.16) തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കാത്ത പക്ഷം നഷ്ടത്തിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3-8-2 2014-15

പ്രോജക്ട് നം, പേര്	എസ് 0044/2015 പൂവരണി ഗവ.യു.പി.സ്കൂൾ മേൽക്കൂര അറ്റകുറ്റപ്പണി
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	ശ്രീ.ജോഷി തോമസ് അമ്പാട്ട് പൂവരണി
അടങ്കൽ	472000/- (MGNR)
ടെൻഡർ വ്യതിയാനം	10.6% കുറവ്
ആകെ വേലമൂല്യം, നികുതികൾ കരാറുകാരന് നല്കിയ തുക, ഡി.ഡി.നം./ തീയതി	472000-50032(ടെൻഡർ വ്യതിയാനം) (-)25318/-(നികുതികൾ) 396650/-രൂപ ഡി.ഡി.നം.135852/21.01.2015
എം ബുക്ക് നം	12/14-15

പൂവരണി ഗവ.യു.പി.സ്കൂളിന്റെ മേൽക്കൂര, കഞ്ഞിപ്പുര എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2014-15 വർഷം ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. മേൽക്കൂര ബലപ്പെടുത്തുന്നതിനായി, നിലവിലുള്ള ഓട് പൊളിച്ച് അട്ടി വെയ്ക്കുകയും ജി.ഐ പൈപ്പ് ഉപയോഗിച്ച് പട്ടികയും കഴുക്കോലും നിർമിച്ചശേഷം അട്ടി വെച്ച ഓടുകൾ വീണ്ടും മേയുകയുമാണ് ചെയ്തത്. എന്നാൽ പ്രസ്തുത ഇനങ്ങൾ ചെയ്ത വേളയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവു മൂലം കരാറുകാരന് അധികത്തുക നൽകുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൊളിച്ച് സ്റ്റാക്ക് ചെയ്ത ഓട് ഉപയോഗിച്ച് വീണ്ടും റൂഫിംഗ് നടത്തുന്നതിന് അനുവദനീയമായ റേറ്റ് (ജില്ലാ സാങ്കേതിക സമിതി അംഗീകരിച്ചത്)

ഓട് പൊളിച്ച് സ്റ്റാക്ക് ചെയ്യുന്നതിന്

0.5 മനുഷ്യക്കൂലി 377/10 ച.മീ. = 188.50(SDB Sl No 14)

ഓട് ഉപയോഗിച്ച് റൂഫിംഗ് നടത്തുന്നതിന്

0.35 മേസൺ@ 471/ച.മീ. = 164.85

0.35 മനുഷ്യക്കൂലി @377/10 ച.മീ. = 131.95 (SDB SL.No451)

ആകെ = 485.30/-

ഓവർഹെഡ് ചാർജ് (5%) = 24.26

കരാറുകാരന്റെ ലാഭം (10%) = 48.53

ആകെ = 558.09/ച.മീ

വർക്ക് ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ മേൽ നിരക്കിൽ തുക നല്കിയിട്ടുള്ളതിന് പുറമെ ഓട് പൊളിച്ച് അട്ടി വെയ്ക്കുന്നതിന് താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്

0.5 മനുഷ്യക്കൂലി @ 377/10 ച.മീ. = 188.50/-(SDB Sl No 14)

ഓവർഹെഡ് ചാർജ് (5%) = 9.42/-

കരാറുകാരന്റെ ലാഭം (10%) = 18.85/-

ആകെ = 216.77/-

ക്രമീകരിച്ച തുക = 217/-ച.മീ

ചെയ്ത അളവുകൾ

(ഇനം15) ഓട്പൊളിച്ച് അട്ടി വെയ്ക്കൽ = 873ച.മി @ 217/ച.മീ

= 18925/-

(ഇനം21)അട്ടി വെച്ച ഓട് തിരികെ മേയൽ = 873ച.മി @ 558.09/ച.മീ

ഇനം 15 പ്രകാരം ചെയ്ത പ്രവൃത്തി ഇനം 21-ൽ ഉൾപ്പെട്ടതാകയാൽ പ്രസ്തുതയിനത്തിന് നൽകിയ തുക അധികച്ചെലവാണ്. ഇപ്രകാരം കരാറുകാരന് അധികമായി നൽകിയ തുക ചുവടെ നിർണയിക്കുന്നു

ഇനം 15 പ്രകാരമുള്ള അധികച്ചെലവ് = 18925/-

(-) 10.6% ടെൻഡർ വ്യതിയാനം = 2006/-

അധികമായി നൽകിയ തുക =16919/-

പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച അധികച്ചെലവ് (16919/-രൂപ) എസ്റ്റിമേറ്റ് തയ്യാറാക്കുകയും ബിൽത്തുക നൽകുകയും ചെയ്ത അസിസ്റ്റന്റ് എൻജിനിയർ ശ്രീ.നടരാജസുന്ദരത്തിൽനിന്ന് ഈടാക്കി സർക്കാർ ഫണ്ടിലേക്ക് തിരികെയടയ്ക്കേണ്ടതാണ്. (തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധമായി നൽകിയ അന്വേഷണക്കുറിപ്പിന് (നം 18) അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകിയിട്ടുണ്ട്.)

3-9 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

2013-14, 2014-15 സാമ്പത്തികവർഷങ്ങളിൽ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തികവർഷം	2013-14	2014-15
പ്രോജക്ട് നം., പേര്	എസ് 062/14 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി	എസ് 009/15 വനിതകൾക്ക് പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി
വകയിരുത്തിയ/ ചെലവഴിച്ച തുക	187500/- രൂ. (വികസന ഫണ്ട്)	187500/- രൂ. (വികസന ഫണ്ട്)
ഡിഡി നം., തീയതി	531078/1.1.14	069487/2.3.15
കാലിത്തീറ്റ വിതരണത്തിന് തെരഞ്ഞെടുത്ത ക്ഷീരസംഘം	ഇടമറ്റം ക്ഷീരോത്പാദക സഹകരണ സംഘം	ഇടമറ്റം ക്ഷീരോത്പാദക സഹകരണ സംഘം
ആകെ ഗുണഭോക്താക്കൾ	30	30

ഇടമറ്റം ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ വിതരണരജിസ്റ്റർ പരിശോധിച്ചതിൽനിന്നും ടി പദ്ധതികൾ നടപ്പിലാക്കി വരുന്നതായി കാണുന്നു. പ്രോജക്റ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

3-10 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി

2013-14ലെ ലേബർ ബജറ്റ് പ്രകാരം 70 പദ്ധതികൾ വിഭാവനം ചെയ്തതിൽ 49 പദ്ധതികൾക്ക് സാങ്കേതികഅനുമതി ലഭിക്കുകയും അത്രയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. 2014-15 ൽ 81 പദ്ധതികൾ വിഭാവനം ചെയ്തതിൽ 40 പദ്ധതികൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 38 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. 2013-14 ൽ 39150 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടപ്പോൾ 2014-15 ൽ ആയത് 28994 ദിനങ്ങൾ ആയി കുറഞ്ഞതിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് കാലയളവിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

	2013-14	2014-15
മുന്നിരിപ്പ്	74558.00	23015.00
വരവ്	3255000.00	8167674.00
പലിശ വരവ്	8931.00	2152.00
ആകെ	3338489.00	8192841.00
ചെലവ്	3315474.00	8078852.00
നീക്കിയിരിപ്പ്	23015.00	113989.00

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2013-14	50000	പാലിയേറ്റീവ് പരിചരണ പദ്ധതി	50000	ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്, ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	ബാങ്ക്	വായ്പ തുക	വർഷം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക

						മുതൽ	പലിശ	
E.M.S.ഭവന വായ്പ	സ.ഉ.(സാ.ധാ) നം1317/2010/16.4.10	എസ്.സി.ബി., മീനച്ചിൽ	3114250	2013-14	2006050	369400	116409	1636650
		എസ്.സി.ബി., പൂവരണി	2763000	2013-14	1932780	276740	368579	1656040
		എസ്.സി.ബി., മീനച്ചിൽ	3114250	2014-15	1636650	369400	121394	1267750
		എസ്.സി.ബി., പൂവരണി	2763000	2014-15	1656040	276740	-	1379300

4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

4-6 <u>ഓഡിറ്റ് റിക്കവറി</u>

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഇദ്യോഗപ്പേരും	രസീത് നം./ തീയതി
2002-03	2-3(4)	876	പവിത്രൻ, യു.ഡി.ക്ലർക്ക്	1140111907/17.12.14
2010-11, 11-12	2.3	100000	സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്	11401100367/21.5.14
2010-11, 11-12	2.3	100000	സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്	11401100368/21.5.14
2010-11, 11-12	2.3	100000	സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്	11401100369/21.5.14
2010-11, 11-12	2.3	100000	സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്	11401100370/21.5.14

4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>
ഇല്ല

4-8 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

	2013-14	**2014-15**
ഓഡിറ്റ് വർഷത്തെ ആകെ വരവ്	50198240	55574077
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	44074697	50438507
വരവിനങ്ങളിലുള്ള നഷ്ടം	--	--

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	33691	16919
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	50000	5000

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
		2013-14	
3-6		5403	1) ശ്രീ.നടരാജ സുന്ദരം വി.എൻ. (അസിസ്റ്റന്റ് എഞ്ചിനീയർ) 2) ശ്രീമതി ബിനി ജി. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)
3-7		4548	1) ശ്രീ.നടരാജ സുന്ദരം വി.എൻ.(അസിസ്റ്റന്റ് എഞ്ചിനീയർ) 2) ശ്രീമതി ബിനി ജി. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)
3-8-1		23739.90	ശ്രീ.നടരാജ സുന്ദരം വി.എൻ. (അസിസ്റ്റന്റ് എഞ്ചിനീയർ)
		2014-15	
3-8-2		16919	ശ്രീ.നടരാജ സുന്ദരം വി.എൻ. (അസിസ്റ്റന്റ് എഞ്ചിനീയർ)

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	2013-14	**2014-15**	
3-4	40000	5000	ശ്രീ.പി.റ്റി.ഉസ്മാൻ, സെക്രട്ടറി ശ്രീ.ബാബു കെ.പി., (സെക്രട്ടറി ഇൻ ചാർജ്ജ്)
3-5	10000		ശ്രീ.പി.റ്റി.ഉസ്മാൻ, സെക്രട്ടറി
	50000	5000	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)	സ്ഥിരം മേൽവിലാസം

	ഔദ്യോഗിക മേൽവിലാസം	
1) ശ്രീ.നടരാജ സുന്ദരം വി.എൻ.(അസിസ്റ്റന്റ് എഞ്ചിനീയർ)	അസിസ്റ്റന്റ് എഞ്ചിനീയർ, അയർക്കുന്നം ഗ്രാമപഞ്ചായത്ത്	വലിയപറമ്പിൽ, കിടങ്ങൂർ പി.ഒ., കോട്ടയം
2) ശ്രീമതി ബിനി ജി. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ളാലം ബ്ലോക്ക്	ആര്യ, ടി.സി.നഗർ-15, കട്ടച്ചേരി പി.ഒ., കൊല്ലം-13

4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99 ചെലവ്	നം.കെ.എസ്.എ-കെ.ടി.എം.പി.7/1418/15/16.4.16	3	
1998-99	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-2000	നം.കെ.എസ്.എ-കെ.ടി.എം.പി.7/1299/15/16.4.16	3	
1999-02 plan	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	--	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.എൽ.എഫ്.കെ.പി.7/183/05/3.7.09	4	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	
2003-04	നം.എൽ.എഫ്.കെ.പി.7/1153/11/7.8.12	1	
2004-05	നം.എൽ.എഫ്.കെ.പി.7/1154/11/1.6.12/7.8.12	5	
2006-0 7	നം.എൽ.എഫ്.കെ.പി.7/659/13/8.2.13/11.6.13	8	
2007-08	നം.എൽ.എഫ്.കെ.പി.7/660/12/7.6.13/11.6.13	4	
2008-09	നം.എൽ.എഫ്.കെ.പി.7/680/12/20.6.12	3	
2009-10	നം.എൽ.എഫ്.കെ.പി.7/61/12/14.11.12/7.12.12		
2010-11, 11-12	നം.കെ.എസ്.എ-കെ.ടി.എം.പി.7/569/14/23.3.15	18	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/15/30.9.15	13	

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരളാലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-)ം വകുപ്പും 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2013-14** വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻ്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എൻ്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2013-14** വർഷത്തെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 2

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരളാലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-)ം വകുപ്പും 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2014-15** വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻ്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എൻ്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2014-15** വർഷത്തെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം